● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# കർമത്തിന്റെ കണക്കുപുസ്തകം

(അധ്യായം 69 • അൽഹാഖ്ഖ)

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ
هَآؤُمُ ٱقْرَءُوا۟ كِتَٰبِيَهْ ﴿١٩﴾ إِنِّى ظَنَنتُ أَنِّى
مُلَٰقٍ حِسَابِيَهْ ﴿٢٠﴾ فَهُوَ فِى عِيشَةٍ رَّاضِيَةٍ
﴿٢١﴾ فِى جَنَّةٍ عَالِيَةٍ ﴿٢٢﴾ قُطُوفُهَا
دَانِيَةٌ ﴿٢٣﴾ كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔۢا بِمَآ
أَسْلَفْتُمْ فِى ٱلْأَيَّامِ ٱلْخَالِيَةِ ﴿٢٤﴾

(19) കർമത്തിന്റെ കണക്കുപുസ്തകം വലതു കൈയ്യിൽ നൽകപ്പെട്ടവർ അപ്പോൾ പറയും: ഇതാ എന്റെ പുസ്തകം ഒന്ന് വായിച്ചുനോക്കൂ.

(20) ഈ വിചാരണ നേരിടേണ്ടിവരുമെന്ന് തീർച്ചയായും ഞാൻ കരുതിയിരുന്നു.

(21) അതിനാൽ അവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും.

(22) ഉന്നതമായ സ്വർഗാരാമത്തിൽ

(23) അതിലെ കായ്കനികൾ താഴ്ന്ന് തൂങ്ങിക്കിടക്കും.

(24) നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തുകൊൾക. നിങ്ങൾ കടന്നുപോയ ജീവിതനാളുകളിൽ നിങ്ങൾ ചെയ്ത സൽകർമങ്ങളുടെ പ്രതിഫലമായി.

## പദ വിശകലനം

**فأمّامن** അപ്പോൾ ഒരുവൻ, **أوتي كتابه** കർമത്തിന്റെ കണക്കുപുസ്തകം നൽകപ്പെട്ടവർ **بيمينه** തന്റെ വലതുകൈയ്യിൽ, **فيقول** അപ്പോൾ അവൻ പറയും, **هآؤم** ഇതാ എടുത്തുനോക്കുവീൻ, **اقرءوا** വായിക്കുവീൻ, **كتابية** എന്റെ പുസ്തകം, **إنّي ظننت** തീർച്ചയായും ഞാൻ കരുതിയിരുന്നു, **أنّي مُلاق** ഞാൻ നേരിടേണ്ടിവരുമെന്ന്, **حسابيه** എന്റെ വിചാരണയെ, **فهو** അതിനാൽ അവൻ, **في عيشة** ജീവിതത്തിലായിരിക്കും, **راضية** സംതൃപ്തമായ **في جنّة** സ്വർഗാരാമത്തിൽ, **عالية** ഉന്നതമായ **قطوفها** അതിലെ കായ്കനികൾ, **دانية** താഴ്ന്ന് തൂങ്ങിക്കിടക്കും, **كلوا** നിങ്ങൾ തിന്നുവീൻ, **واشربوا** കുടിക്കുവീൻ, **هنيئا** ആനന്ദത്തോടെ **بما أسلفتم** നിങ്ങൾ ചെയ്തത് നിമിത്തം, **في الأيام** ജീവിതനാളുകളിൽ, **الخالية** കടന്നുപോയ

**هاؤم** എന്ന പദത്തെപ്പറ്റിയുള്ള വിശകലനം ഇപ്രകാരമാണ്:

هاؤم – اسم فعل أمر بمعنى خذوا

'ഇതാ എടുക്കുവീൻ' എന്ന് അർഥമുള്ള കല്പനാ രൂപത്തിലുള്ള ഇസ്മു ഫിഅ്ലാണ് ഇത്. (*അത്തഫ്സീറുൽ മുനീർ* 29:92)

**قطوف** എന്ന പദത്തിന്റെ ഏകവചനം **قطف** എന്നാണ് (*മുഅ്ജമുൽ മുഫ്റദാത്*)

## ആശയം

പ്രപഞ്ച സ്രഷ്ടാവ് ഒരുക്കുന്ന രേഖപ്പെടുത്തൽ സംവിധാനങ്ങൾ അനുപമവും അതുല്യവുമായിരിക്കും. മനുഷ്യന് സ്രഷ്ടാവ് നൽകിയ ബുദ്ധി ഉപയോഗിച്ച് ഉണ്ടാക്കിയെടുത്തിട്ടുള്ള റിക്കാർഡിംഗ് സംവിധാനങ്ങളുടെ അത്ഭുത കലവറയായി കാമറ കണ്ണുകളുടെ പ്രവിശാലമായ ലോകം നമ്മുടെ മുമ്പിലുണ്ട്. ഇരുണ്ട ഗഹ്വര

ങ്ങളിൽ ഒളിപ്പിച്ചുവെച്ചവ ഒപ്പിയെടുക്കാൻ സാധിക്കുന്ന അപാരശക്തിയുള്ള കാമറകൾ. ഭൂമിയെ ആസകലം സ്കാൻ ചെയ്ത് പകർത്തിയെടുക്കുന്ന 24 ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള വിപുലമായ സന്നാഹങ്ങൾ. ശബ്ദവും ദൃശ്യവും അടങ്ങുന്ന സകല ചലനങ്ങളും രേഖപ്പെടുത്താൻ മനുഷ്യൻ കണ്ടെത്തിയ സംവിധാനങ്ങളുടെ വിസ്മയലോകത്താണ് നാം ജീവിക്കുന്നത്. അവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനും റീപ്ലെ ചെയ്യാനും സാധിക്കുന്ന കൊച്ചുകൊച്ചു ഉപകരണങ്ങളുടെ അതിശയിപ്പിക്കുന്ന ലോകം. അതാണ് ഡിജിറ്റൽ എയ്ജ്.

സ്രഷ്ടാവ് മനുഷ്യന്റെ വാക്കുകളും പ്രവർത്തനങ്ങളും വികാരങ്ങളും വിചാരങ്ങളും രേഖപ്പെടുത്താൻ സംവിധാനമൊരുക്കിയിരിക്കുന്നുവെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ആ മാസ്റ്റർ രേഖയിൽ നിന്നുള്ള ഓരോ വ്യക്തിയുടെയും കർമരേഖയുടെ പകർപ്പ് ഓരോ വ്യക്തിയുടെയും കൈക്കുമ്പിളിൽ ലഭിക്കുന്നതാണ്. ഇത്തരമൊരു സംവിധാനമൊരുക്കാൻ സ്രഷ്ടാവിന് സാധിക്കുമെന്ന് നേരത്തെതന്നെ ധാരണയുറപ്പ് വരുത്തിയിരുന്ന, നന്മകൾ വാരിക്കൂട്ടാൻ പരിശ്രമിച്ച വ്യക്തികൾ സന്തുഷ്ടരായിരിക്കും. ആഹ്ലാദഭരിതരായ അവർ പറയും: ഇതാ എന്റെ കർമപുസ്തകം, നിങ്ങളൊന്ന് വായിച്ചുനോക്കൂ! ജീവിതത്തെ ശരിയായ അടിത്തറകളിൽ കെട്ടിപ്പടുത്ത് മുന്നോട്ട് നയിച്ച മനുഷ്യർക്ക് ശാന്തവും സംതൃപ്തവുമായ ജീവിത പരിണാമം കണ്ടെത്താൻ സാധിക്കുന്നു. അവർ ഉന്നതമായ സ്വർഗാരാമത്തിൽ അഭിരമിക്കുന്നു.

മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങൾക്കതീതമായ അനുഗ്രഹങ്ങൾ സജ്ജമാക്കിയിട്ടുള്ള അതുല്യതയുടെ കേദാരമത്രെ സ്വർഗം. മനുഷ്യന് ഗ്രാഹ്യമാകുന്ന കാര്യങ്ങളിലൂടെ സ്വർഗത്തെ സ്രഷ്ടാവ് വിവരിച്ചുതരുന്നു. മനുഷ്യന് നിഷ്പ്രയാസം പറിച്ചെടുത്ത് ഭുജിക്കാവുന്നവിധം താഴ്ന്നു തൂങ്ങിക്കിടക്കുന്ന കായ്കനികൾ. മനുഷ്യന് ആഗ്രഹം ജനിക്കുന്ന ആസ്വാദനങ്ങൾ ആനന്ദത്തോടെ അനുഭവിക്കാൻ അവസരമൊരുങ്ങുന്നു. ഗതകാല ജീവിതത്തിൽ നിസ്വാർഥമായി താൻ ചെയ്ത കർമങ്ങൾക്കുള്ള പ്രതിഫലം. ശരിയായ പ്രതിഫല കാംക്ഷയോടെ ത്യാഗപൂർവം കർമങ്ങളിൽ നിരതരാവുക. പ്രതിഫലം സമ്പൂർണമായി ലഭിക്കുന്ന നാൾ ആഗതമാകാനിരിക്കുന്നു.

## വലതുകൈയിൽ രേഖ കിട്ടുന്നവർ

വലതു കൈയിൽ കണക്കുപുസ്തകം ലഭിക്കുന്നവരുടെ സംതൃപ്തമായ അവസ്ഥയെക്കുറിച്ച് ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു.

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ ﴿٧﴾ فَسَوْفَ يُحَاسَبُ
حِسَابًا يَسِيرًا ﴿٨﴾ وَيَنقَلِبُ إِلَىٰٓ أَهْلِهِۦ مَسْرُورًا ﴿٩﴾

"അന്ന് കർമപുസ്തകം വലതു കൈയിൽ കിട്ടിയവൻ അവൻ ലഘുവായ വിചാരണയ്ക്ക് മാത്രം വിധേയനാകുന്നു. അവൻ തന്റെ സ്വന്തക്കാരിലേക്ക് സന്തോഷത്തോടെ തിരിച്ചുപോകും" (ഇൻശിഖാഖ് 7-9)

## ഭക്തരുടെ മനോഗതം

ഭക്തരുടെ ചിന്തയും മനോഭാവവും എപ്രകാരമായിരിക്കുമെന്ന് ഖുർആൻ മറ്റൊരു ആയത്തിൽ ഇപ്രകാരം വിശകലനം ചെയ്യുന്നു:

ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُواْ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ

"തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടേണ്ടിവരുമെന്നും, അവങ്കലേക്ക് തിരിച്ചുപോകേണ്ടിവരുമെന്നും വിചാരിച്ചുകൊണ്ടിരിക്കുന്നവരത്രെ ഭക്തന്മാർ" (ബഖറ 46) ●


യുവത ബുക്സ്

റമദാൻ ഓഫറുകൾ
ഖുർആൻ

**ഖുർആനിക ദർശനം**
**അബ്ബാസ് മഹ്മൂദ് അഖാദ്, വില: ₹ 25**

**ഖുർആൻ പഠനം: മഹത്വവും മര്യാദകളും**
**മുഹമ്മദ് ബ്നു അബ്ദുൽവഹാബ്, വില: ₹ 12**

**ഖുർആൻ സത്യാന്വേഷിയുടെ മുമ്പിൽ**
**ചെറിയമുണ്ടം അബ്ദുൽഹമീദ്, വില: ₹ 26**

**ഖുർആൻ പഠനത്തിന് ഒരു മുഖവുര**
**എൻജി. എ എം ഉസ്മാൻ, വില: ₹ 45**

**ഇഅ്ജാസുൽ ഖുർആൻ**
**ഡോ. ഇ കെ അഹ്മദ്കുട്ടി, വില: ₹ 100**

**പ്രപഞ്ചചിത്രം ഖുർആൻ വർണങ്ങളിൽ**
**ടി പി എം റാഫി, വില: ₹ 210**

**വിശുദ്ധ ഖുർആനിലെ വിസ്മയങ്ങൾ**
**കെ പി സകരിയ്യ, വില: ₹ 50**

**ഖുർആനിലെ സംഖ്യാ വിസ്മയം**
**ടി കെ യൂസുഫ്, വില: ₹ 25**

**ഖുർആനും പാലിയന്തോളജിയും**
**ഫൈസൽ കാരട്ടിയാട്ടിൽ, വില: ₹ 18**

**ഖുർആനിലേക്ക് ഒരു ജാലകം**
**ഒരു സംഘം ലേഖകർ, വില: ₹ 20**

**ആകെ ₹ 531**
**ഇപ്പോൾ ₹ 275**